Draft #8 of File 80680/AC B7-1/2022/ACAD Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Sep-2022 03:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് (സ്വയംഭരണം)- B.Com (Finance & Taxation) പ്രോഗ്രാമിൽ 2022 -'23 അക്കാദമിക വർഷം നാമമാത്ര സീറ്റ് വർദ്ധനവിനു വേണ്ടിയുള്ള അപേക്ഷ - 23.08.2022 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം കൈക്കൊണ്ട തീരുമാനം നടപ്പാക്കി നാമമാത്ര സീറ്റ് വർദ്ധന അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 10118/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.09.2022

---

*പരാമർശം:*-1. ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജ് ,പ്രിൻസിപ്പൽ 20.05.2022-ൽ സമർപ്പിച്ച AC/MFR/3/2022 നമ്പർ കത്ത്

2.10/5/2022-തീയതിയിൽ സർവ്വകലാശാല പുറപ്പെടുവിച്ച 7048/AC A1-3/2022/VC SECTION നമ്പർ വിജ്ഞാപനം

3. 23.08.2022 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 68/22.05/80680/ACB7-1/2022 തീരുമാനവും അതിൻ പ്രകാരം പുറപ്പെടുവിച്ച 14.09.2022 ലെ 9334/AC B7/2022 /എം.ജി.യു ഉത്തരവും

**ഉത്തരവ്**

സ്വയംഭരണ പദവിയുള്ള ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് 2022-2023 അക്കാദമിക വർഷത്തിലേക്ക് B.Com (Finance & Taxation )പ്രോഗ്രാമിനു നാമമാത്ര സീറ്റ് വർദ്ധനവിന് വേണ്ടി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.സർവകലാശാല പുറപ്പെടുവിച്ച പരാമർശം (2) വിജ്ഞാപന പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ പ്രോഗ്രാം ഒന്നിനു 3500/- രൂപ നിരക്കിൽ ഫീസ് അടച്ച് സർവ്വകലാശാലയുടെ ഏകജാലക സംവിധാനത്തിലൂടെ 20/05/2022 തീയതിക്കകം അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ അസംപ്ഷൻ കോളേജ് ഓഫ് ലൈൻ ആയാണ് അപേക്ഷ സമർപ്പിച്ചത്.ഈ സാഹചര്യത്തിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് 2022-2023 അക്കാദമിക വർഷം B.Com (Finance & Taxation) പ്രോഗ്രാമിനു നാമമാത്ര സീറ്റ് വർദ്ധനവിനുവേണ്ടി ക്രമപ്രകാരമല്ലാതെ സമർപ്പിച്ചിരുന്ന അപേക്ഷ തീരുമാനങ്ങൾക്കായി സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു.

23/08/2022- തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം പ്രസ്തുത വിഷയം പരിഗണിക്കുകയും, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് 2022 -2023 അക്കാദമിക വർഷത്തിലേക്ക് B.Com (Finance & Taxation) പ്രോഗ്രാമിന് നാമ മാത്ര സീറ്റ് വർദ്ധനവിന് വേണ്ടി ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് സർ വ്വകലാശാല വിജ്ഞാപനം 7048/AC A1-3/2022/VC SECTION തീയതി 10/5/2022 പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതിക്കകം ആയതിനാൽ ടി അപേക്ഷ പരിഗണിക്കുന്നതിനും അപേക്ഷകൾ സർവകലാശാല നിർദേശിക്കുന്ന രീതിയിൽ തന്നെ സമർപ്പിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ടി കോളേജ് പ്രിൻസിപ്പലിന് നൽകുന്നതിനും തീരുമാനിച്ചു.

മേൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം സ്വയം ഭരണ കോളേജായ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ B.Com (Finance & Taxation) പ്രോഗ്രാമിന് 2022-23 അധ്യയന വർഷത്തേക്ക് മാത്രമായി താഴെ പറയും പ്രകാരം നാമ മാത്ര സീറ്റ് വർദ്ധന അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| SL No | PROGRAMME | STREAM | SANCTIONED STRENGTH | MARGINAL INCREASE | Total Intake |
|---|---|---|---|---|---|
| 1 | B.Com (Finance& Taxation) | SF | 40 | 10 | 50 |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹേമകല എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3..പ്രിൻസിപ്പൽ,അസംപ്ഷൻ കോളേജ് ,ചങ്ങനാശ്ശേരി
4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമികം )/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 24)
7.സിൻഡിക്കേറ്റ് സെക്ഷൻ I
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ജോയിന്റ് ഡയറക്ടർ ,കെ എസ് എ ഡി
9.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39 സെക്ഷൻ
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /റിക്കാർഡ്സ് വിഭാഗം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #8 of File 80680/AC B7-1/2022/ACAD Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Sep-2022 03:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം